*പതിമൂന്നാം കേരള നിയമസഭ*

<u>അഞ്ചാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6124 — 10.07.2012 ൽ മറുപടിയ്ക്ക്

## കാർഷിക ഇൻഷ്വറൻസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>,, ഹൈബി ഈഡൻ<br>,, പി. എ. മാധവൻ<br>,, എം. എ വാഹീദ് | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കാർഷിക ഇൻഷ്വറൻസ് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കമോ: | (എ) സർക്കാർ ഉത്തരവ് (എംഎസ്സ്) നം. 125/95 കൃഷി തീയതി 25.3.95 പ്രകാരം കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകളെ ഉൾപ്പെടുത്തി കാർഷിക ഇൻഷ്വറൻസ് നടപ്പിലാക്കിയിട്ടുണ്ട്. പ്രകൃതി ക്ഷോഭം മൂലം സംഭവിക്കുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുകയെന്നതാണ് കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശം. തെങ്ങ്, വാഴ റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറു വർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ (ചേന മധുരക്കിഴങ്ങ്) കരിമ്പ്, പുകയില, നെല്ല് എന്നീ വിളകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമന്നൽ, കാട്ടുതീ എന്നീ പ്രകൃതി ക്ഷോഭങ്ങൾ കൊണ്ടും വന്യമൃഗങ്ങളുടെ ശല്യം കൊണ്ടും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് മാത്രമേ ഈ പദ്ധതിയുടെ സംരക്ഷണം ലഭിക്കുകയുള്ളൂ. പദ്ധതിയിൽ ചേരുന്ന കർഷകർ സർക്കാർ കാലകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രീമിയം തുക അടച്ചിരിക്കേണ്ടതാണ്. പ്രീമിയം തുക അടച്ച ദിവസം മുതൽ 7 ദിവസങ്ങൾക്ക് |

ശേഷം മാത്രമെ നഷ്ടപരിഹാരത്തിന് അർഹതയുള്ളൂ.

വിളകൾക്കുണ്ടാകുന്ന പൂർണ്ണ നാശത്തിന് മാത്രമെ നഷ്ടപരിഹാരം ലഭിക്കുകയുള്ളൂ. ഇഞ്ചി, മഞ്ഞൾ, നിലക്കടല, എള്ള്, പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ, മരിച്ചീനി മറ്റ് കിഴങ്ങു വർഗ്ഗങ്ങൾ, ഏലം, വെറ്റില എന്നി വിളകൾക്ക് ഇൻഷ്വർ ചെയ്ത വിസ്തൃതിയുടെ കുറഞ്ഞത് 10% മെങ്കിലും നാശനഷ്ടമുണ്ടായാലേ, നഷ്ടപരിഹാരം ലഭിക്കുകയുള്ളൂ. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി നഷ്ടപരിഹാര തുക നൽകുന്നതാണ്. ദീർഘകാല വിളകൾക്ക് കായ്ച്ച് തുടങ്ങുന്നതുവരെയുള്ള കാലത്തേയ്ക്ക് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പ്രത്യേക സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകന് ഈ പദ്ധതിയിൽ അംഗമാകുന്നതിന് അർഹതയുണ്ട്.

**(ബി)** ഏതെല്ലാം കാർഷിക വിളകൾക്കാണ് ഇത് ഏർപ്പെടുത്തിയിട്ടുള്ളത്.

**(ബി)** തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ (ചേന, മധുരക്കിഴങ്ങ്), കരിമ്പ്, പുകയില, നെല്ല് എന്നീ വിളകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**(സി)** കൂടുതൽ കാർഷിക വിളകളെ ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

**(സി)** നിലവിലുള്ള എല്ലാ ഇൻഷ്വറൻസ് പദ്ധതികളെയും ഉൾപ്പെടുത്തികൊണ്ട് എല്ലാ വിളകൾക്കും എല്ലാ പ്രകൃതിക്ഷോഭങ്ങളും കീടരോഗബാധകളും, വിലത്തകർച്ചയും പരിഗണിച്ച് ഒരു സമഗ്ര വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ